പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3584 17.12.2015 - ൽ മറുപടിയ്ക്ക്

## എന്റോസൾഫാൻ ധനസഹായം

ചോദ്യം

ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ഉത്തരം

ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിൽ എന്റോസൾഫാൻ ബാധിതയായ കുട്ടി ഉൾപ്പെട്ട ഒരു കുടുംബത്തിലെ മൂന്ന് പേർ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കുടുംബാശ്വാസ സഹായ . ധനത്തിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും സഹായധനം വർഷങ്ങൾ കഴിഞ്ഞിട്ടും അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വനം വകുപ്പ് മന്ത്രിയുൾപ്പെടെയുള്ളവർ വീട് സന്ദർശിച്ച് വാഗ്ദാനങ്ങൾ നൽകിയിട്ടും സഹായധനം ലഭ്യമാക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | (എ) | കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വില്ലേജിലെ മുണ്ടക്കണ്ടം പ്രദേശത്ത് മാപ്പിടിച്ചേരി വീട്ടിൽ താമസിക്കുന്ന ശ്രീ. കെ.തമ്പാൻ, ഭാര്യ പത്മിനി, മകൻ കാർത്തിക് എന്നിവർ സ്വകാര്യ ആശുപത്രിയിൽ തൂങ്ങി മരിച്ചതായ വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് റവന്യൂ ഉദ്യോഗസ്ഥർ ആശുപത്രിയിൽ പോവുകയും പോസ്റ്റ്മോർട്ടത്തിനും സംസ്കാര ചടങ്ങുകൾക്കും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും അടിയന്തിര സഹായമായി ബന്ധുക്കൾക്ക് 10,000/- രൂപ അനുവദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കുടുംബം എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ എൻഡോസൾഫാൻ പുനരധിവാസ പദ്ധതി മുഖേന പ്രത്യേക ധനസഹായം ബന്ധുക്കൾക്ക് അനുവദിച്ച് നൽകിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ